'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - റേഡിയോഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ തസ്തികകൾ സംയോജിപ്പിച്ച് റേഡിയോഗ്രാഫർ തസ്തികയാക്കി പുനർനാമകരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(എഫ്)വകുപ്പ്**

**സ.ഉ.(സാധാ) നം.924/2019/തൊഴിൽ** തീയതി,തിരുവനന്തപുരം, 29/07/2019

---

പരാമർശം 1) ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലെ റേഡിയോഗ്രാഫർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.സി.വി.ആശ. 10.04.2017 തീയതിയായി സമർപ്പിച്ച നിവേദനം

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 16.05.2017, 30.01.2018, 07.03.2018, 09.04.2018, 01.01.2019 എന്നീ തീയതികളിലെ ബി2-11233/2013/ഡി.ഐ.എം.എസ്. നമ്പർ കത്തുകൾ

3) ശ്രീമതി.ഡി.ജിനിദാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം. 418/2018 നമ്പർ ഹർജി.

<u>ഉത്തരവ്</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും എക്സ്റേ ടെക്നീഷ്യൻ തസ്തികയും റേഡിയോ ഗ്രാഫർ തസ്തികയും സംയോജിപ്പിച്ച സാഹചര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ എക്സ്റേ ടെക്നീഷ്യൻ ഗ്രേഡ്-II , റേഡിയോഗ്രാഫർ ഗ്രേഡ്-II എന്നീ തസ്തികകൾ സംയോജിപ്പിക്കണം എന്നാവശ്യപ്പെട്ട് ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലെ റേഡിയോഗ്രാഫർ ഗ്രേഡ് II (HG) ആയി ജോലി ചെയ്യുന്ന ശ്രീമതി.സി.വി.ആശ പരാമർശം - 1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. രണ്ട് തസ്തികകളുടെയും യോഗ്യതയും നിയമന രീതിയും ജോലിയുടെ സ്വഭാവവും അടിസ്ഥാന ശമ്പളവും ഒന്നു തന്നെയാണ് എന്നും ആയതിനാൽ ടി തസ്തികകൾ സംയോജിപ്പിച്ച് റേഡിയോ ഗ്രാഫർ തസ്തികയാക്കി പുനർനാമകരണം ചെയ്യാവുന്നതാണ് എന്ന് പരാമർ ശം - 2 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇൻഷ്വറൻസ് മെഡിക്കൽ

സർവ്വീസസ് വകുപ്പിലെ റേഡിയോ ഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ തസ്തികകൾ സംയോജിപ്പിച്ച് റേഡിയോ ഗ്രാഫർ എന്ന തസ്തികയായി പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പുനർനാമകരണം ശ്രീമതി.ഡി.ജിനിദാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന ഒ.എ (ഇ.കെ.എം) 418/2018 നമ്പർ ഹർജിയിലെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും. ടി തസ്തികകൾ സംയോജിപ്പിക്കുമ്പോൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നേരിട്ട് നിയമനം ലഭിച്ച ജീവനക്കാരുടെ ഏകീകരിച്ച തസ്തികയിലെ സീനിയോറിറ്റി, കേരള പബ്ലിക് സർവ്വീസസ് കമ്മീഷന്റെ അഡ്വൈസ് തീയതി പ്രകാരവും അന്തർ ജില്ല / വകുപ്പുതല സ്ഥലം മാറ്റം മുഖേന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് വകുപ്പിൽ ജോയിൻ ചെയ്ത തീയതി പ്രകാരവും കണക്കാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ജയിംസ് രാജ്
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (572828/എച്ച് & എൽ-ബി2/2017-ധന, തീയതി 25.9.2017).
നിയമ വകുപ്പ് ( 11132/സ്യൂട്ട് III (2)/2018/നിയമം, തീയതി, 17.05.2018)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസിന്

**മേലെഴുത്ത് കത്ത് നം.ബി2-11233/2013/DIMS തീയതി : 07.08.2019**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തരനടപടികൾക്കുമായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1. ഇ 4 സെക്ഷൻ
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്.
3. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും/ ഇ-ഗവേണൻസ്.
2. ഫയൽ/സ്റ്റോക്ക് ഫയൽ

ഒപ്പ്/-